എന്ന് എനിക്കറിയില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ആലോചിച്ചതും വേണ്ടെന്നു വെച്ചിട്ടുള്ളതും. ഞാനി അതിനെ സംബന്ധിച്ച് ഒന്നുംകൂടി ആലോചിക്കാം. ഈ ഗവൺമെന്റിന്റെ കാലത്ത് ഇതിനെ സംബന്ധിച്ച് ആലോചിച്ചിട്ടില്ല.

ശബരിമല വികസന പദ്ധതി

* 816 [884] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യ വികസന മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കാൻ കേന്ദ്രത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന് കേന്ദ്രത്തിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് അഭ്യർത്ഥിച്ചിട്ടുള്ളത്?

തൊഴിലും പാർപ്പിടവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ)

(എ) ശബരിമല ക്ഷേത്രസങ്കേതം ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുവാൻ ആവശ്യമായ നടപടികളെടുക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിച്ചിരുന്നു.

(ബി) പ്രത്യേകമായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിലല്ല അപേക്ഷ നൽകിയത്.

(സി) ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി അംഗീകരിച്ചാൽ ശുചീകരണം, ഗതാഗതം, ശുദ്ധജലവിതരണം മുതലായ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് സാദ്ധ്യതയുണ്ടാകും എന്ന പ്രതീക്ഷയിലാണ് അഭ്യർത്ഥന നടത്തിയത്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: ശബരിമല ഒരു ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുവാനുള്ള കേരളാഗവൺമെന്റിന്റെ നിവേദനം കേന്ദ്രം അനുഭാവപൂർവ്വമായാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. കെ. രാഘവൻ: അല്ല, അനുഭാവപൂർവ്വമല്ല പരിഗണിച്ചത്. ഇങ്ങനെയുള്ള ഒരു കാര്യം കേന്ദ്രം പരിഗണിക്കേണ്ട കാര്യമില്ല സംസ്ഥാനം പരിഗണിച്ചാൽ മതിയെന്നാണ് അഭിപ്രായപ്പെട്ടത്.

ശ്രീ. പി. സി. ജോസഫ്: ശബരിമല ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടില്ലെങ്കിലും അതൊരു വസ്തുതയായി മാറിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറ്റാനുള്ള സംവിധാനമുണ്ടാക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: ഈ തീർത്ഥാടന കേന്ദ്രങ്ങളെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റുന്ന ഒരു പദ്ധതി കേന്ദ്രഗവൺമെന്റിനുണ്ട്. അതുകൊണ്ടാണ് കേന്ദ്രഗവൺമെന്റിൽ ഇത്തരമൊരുനിവേദനം നടത്തിയത്. അതിനുമറുപടിയായിട്ടാണ് കേന്ദ്രഗവൺമെന്റ് ഇക്കാര്യം സംസ്ഥാന ഗവൺമെന്റ് മാത്രം ആലോചിച്ചാൽ മതിയെന്ന് പറഞ്ഞിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ആലോചന നടത്തുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഹൈന്ദവ ജനതയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ശബരിമലയിൽ കേന്ദ്രസർക്കാരിൽനിന്നുതന്നെ ധാരാളം വരുമാനം ലഭിക്കുന്നുണ്ട്. ഈ പണത്തിന്റെ നല്ലൊരു അംശം അവിടെ ചെലവാക്കുന്നില്ല. അതിന്റെ 80 ശതമാനമെങ്കിലും അവിടെതന്നെ ചെലവഴിച്ച് ജനങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കണമെന്ന ഒരു നിലപാട് ദേവസ്വം ബോർഡുമായി ആലോചിച്ച് ഗവൺമെന്റ് സ്വീകരിക്കുമോ? അങ്ങനെ ചെയ്താൽ വളരെയധികം വികസനസാദ്ധ്യതയുണ്ടെന്ന് മനസ്സിലാക്കി ഇക്കാര്യത്തിൽ നിർബന്ധപൂർവ്വമായ തീരുമാനമെടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അവിടത്തെ വരുമാനത്തിന്റെ തോതനുസരിച്ച് സൗകര്യങ്ങളും വർദ്ധിപ്പിക്കണമെന്ന അഭിപ്രായം ഗവൺമെന്റിനുണ്ട്. അതിനാവശ്യമായ ആലോചന നടത്താവുന്നതാണ്.

ശ്രീ. ജി. പി. മംഗലത്തു മഠം: നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന ശബരിമലയെ, അയ്യപ്പന്റേയും വാവരുസ്വാമിയുടെയും പ്രതിഷ്ഠ നിലകൊള്ളുന്ന ശബരിമലയെ ഒരു ആരാധനാ കേന്ദ്രമായിട്ട് കരുതുകയും ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറ്റാതിരിക്കുകയും ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ? ആരാധനാ കേന്ദ്രമായി അതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ സഹായം ചെയ്തുകൊടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: തീർത്ഥാടനകേന്ദ്രങ്ങളും ഒക്കെയും പല പ്പോഴും ടൂറിസ്റ്റ് കേന്ദ്രങ്ങളും കൂടിയാണ്. മിക്കവാറും ടൂറിസ്റ്റുകളും ആരാധനയ്ക്കുവേണ്ടിയാണ് ഇത്തരം കേന്ദ്രങ്ങളിൽ വരുന്നത്. ശബരിമലയെപ്പോലുള്ള ക്ഷേത്രങ്ങളിൽ മതവ്യത്യാസം കൂടാതെ ആരാധന നടത്തുന്നതിനുള്ള സൗകര്യമുണ്ടെന്നാണ് ഗവൺമെന്റ് ധരിച്ചിട്ടുള്ളത്.

ശ്രീ. ജി. പി. മംഗലത്തു മഠം: ആരാധനാ കേന്ദ്രത്തിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. ടൂറിസ്റ്റ് കേന്ദ്രമാക്കി ഇതിന്റെ പവിത്രതയ്ക്ക് കോട്ടംതട്ടാത്തവിധത്തിൽ ഇതിന്റെ പ്രവർത്തനം നടത്താൻ അനുവദിക്കുമോ എന്നുള്ളതാണ് ചോദ്യം. ആരാധനാ കേന്ദ്രം ടൂറിസ്റ്റ് കേന്ദ്രമാക്കാതിരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് തെറ്റിദ്ധാരണകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതാണ്. പിൽഗ്രിമേജ് സെന്ററാണ്. പണ്ടുമുതലേ പിൽഗ്രിമേജായിട്ടാണ് നടത്തിയിരുന്നത്. ആരാധനയ്ക്കുവേണ്ടി മാത്രമല്ല പോകുന്നത്. ആരാധനയ്ക്കുവേണ്ടിയല്ലാതെ പിൽഗ്രിമേജിനു വേണ്ടിയും പോകുന്ന ആളുകളുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: ശബരിമലയിൽനിന്ന് കിട്ടുന്ന വരുമാനം എങ്ങനെ ചെലവു ചെയ്യണമെന്നും ശബരിമല തീർത്ഥാടന കേന്ദ്രം എങ്ങനെ വികസിപ്പിക്കണമെന്നും നിർദ്ദേശം നൽകാൻ സർ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും രീതിയിലുള്ള വ്യവസ്ഥകൾ അംഗീകരിപ്പിക്കാനോ ഗവൺമെൻറിന് അധികാരമുണ്ടോ; ഇന്ന് നിലവിലിരിക്കുന്ന നിയമങ്ങൾ ഏതെങ്കിലും രീതിയിൽ ദേവസ്വം ബോർഡിന് ഡയറക്ഷൻ കൊടുക്കാൻ ഗവൺമെൻറിന് അധികാരം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അധികാരമുണ്ടെന്ന് ഞാൻ പറഞ്ഞില്ല; ആലോചിക്കാമെന്നു മാത്രമേ പറഞ്ഞുള്ളു. അവിടെനിന്ന് ലഭിക്കുന്ന സംഖ്യ കഴിയുന്നതും അവിടെതന്നെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെലവാക്കുന്ന കാര്യം ദേവസ്വംബോർഡുമായി ആലോചിക്കാമെന്നേ പറഞ്ഞുള്ളു.

ശ്രീ. പി. ബാലൻ: ശബരിമലയും ഗുരുവായൂരും ഒക്കെ വിശ്വാസികളുടെ സൗകര്യത്തിനും വിശ്വാസത്തിനും അനുസരിച്ച് മുന്നോട്ട് കൊണ്ടു പോകത്തക്കവിധത്തിൽ സർക്കാർ ഈ രംഗത്തുനിന്നും പിൻമാറാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: ഇപ്പോഴം ഇല്ല.

ശ്രീ. പി. കെ. ശ്രീനിവാസൻ: കേന്ദ്രഗവൺമെൻറ് ആവശ്യമായ സഹായവാഗ്ദാനം ചെയ്തില്ലെന്നു പറഞ്ഞു. മുൻദേവസ്വം ബോർഡ് പ്രസിഡൻറ് ശബരിമല ശാസ്താവിനെ തെരുവിലിറക്കി എല്ലായിടത്തും കൊണ്ടുനടന്ന് പ്രദർശിപ്പിച്ചതുപോലെ ഈ ശാസ്താവിനെ ഇൻഡ്യയാട്ടാകെ പ്രദർശിപ്പിച്ച് അതിൻെറ ശക്തികേന്ദ്ര ഗവൺമെൻറിനെ ബോദ്ധ്യപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: സർക്കാർ ഇല്ലെന്ന് നേരത്തെ പറഞ്ഞതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ദേവസ്വം ബോർഡിൻെറയും ഒക്കെ ചെയ്തികളുടെ ഫലമായിട്ട് അയ്യപ്പൻ അവിടെനിന്നും ഇറങ്ങാൻ പോകുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഇറങ്ങിയതായും പറയുന്നുണ്ട്. ആ കാര്യത്തെപ്പറ്റി വല്ല അറിവും ഉണ്ടോ?

ശ്രീ. എം. കെ. രാഘവൻ: ഇറങ്ങേണ്ടതായിരുന്നുവെങ്കിൽ തീപിടിച്ച സ്ഥലം ഇറങ്ങി പോകുമായിരുന്നു.

ശ്രീ. എം. വി. രാഘവൻ: വരുമാനം മുഴുവനും അവിടെ ചെലവാക്കുന്നില്ലെന്ന ആക്ഷേപമുണ്ട്. എത്രയാണ് വരുമാനം, അതിൽ എത്ര മാത്രം ചെലവാക്കുന്നുണ്ട് എന്ന് മന്ത്രിക്ക് പറയാൻ കഴിയുമോ? വരുമാനം വർദ്ധിപ്പിക്കാൻ വല്ല സ്കീമുമുണ്ടോ? അവിടെ ശാന്തിക്കാരനെ നറുക്കിട്ടല്ലേ എടുക്കുന്നത്? കപ്പേഷൻ വിളിച്ചുകൊടുത്താൽ വരുമാനം വർദ്ധിക്കുമല്ലോ.

ശ്രീ. എം. കെ. രാഘവൻ: ഇത് ദേവസ്വം ബോർഡിൻെറ സ്വന്തമായ കാര്യമാണ്. ഇതിലൊന്നും ഇടപെടാൻ ഗവൺമെൻറിന് യാതൊരു ഉദ്ദേശവുമില്ല. അതിനെപ്പറ്റി യാതൊരു വിവരവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly